**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2774 — 17.10.2016 ൽ മറുപടിക്ക്

## മണപ്പള്ളി പ്രാഥമികാരോഗ്യ സബ് സെന്ററിന്റെ അപ്ഗ്രഡേഷൻ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തഴവാ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രസ്തുത പഞ്ചായത്തിലെ പാവുമ്പ, മണപ്പള്ളി മേഖലയില്ലുള്ളവർക്ക് എത്തിച്ചേരുന്നതിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ തഴവാ ഗ്രാമപഞ്ചായത്തിലെ മണപ്പള്ളി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ സബ് സെന്ററിനെ പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം എന്ന മാനദണ്ഡമാണ് ഇപ്പോൾ പ്രാബല്യത്തില്ലുള്ളത്. മണപ്പള്ളി സബ് സെന്റർ സ്ഥിതി ചെയ്യുന്നത് തഴവ പഞ്ചായത്തിലാണ്. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ